**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6466** **10-11-2021 - ൽ മറുപടിയ്ക്ക്**

**കാലവർഷത്തിൽ തകർന്ന വീടുകൾക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2021 ഒക്ടോബറിൽ ശക്തമായ പേമാരിയിൽ കൊണ്ടോട്ടി താലൂക്കിൽ വീടുകൾ, അനുബന്ധ കെട്ടിടങ്ങൾ, മതിലുകൾ തുടങ്ങിയവക്കുണ്ടായ നാശനഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ശക്തമായ മഴയിലും കാറ്റിലും മറ്റു പ്രകൃതിക്ഷോഭങ്ങളിലുമായി കൊണ്ടോട്ടി താലൂക്ക് പരിധിയിൽ ഒരു വീട് പൂർണ്ണമായും 64 വീടുകൾ ഭാഗികമായും 33 മതിലുകൾക്ക് നാശനഷ്ടം നേരിട്ടിട്ടുണ്ട്. നാശനഷ്ടത്തിന്റെ തോത് കണക്കാക്കി വരുന്നു. |
| (ബി) | കാലവർഷത്തിൽ വീടുകൾ നശിച്ചവർക്ക് പുതിയ വീടുകൾ നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഫീൽഡ് തല പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് നാശനഷ്ടത്തിന്റെ തോത് കണക്കാക്കി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ധനസഹായം വിതരണം ചെയ്യുന്നതാണ്. |
| (സി) | വീടുകൾക്ക് പുറമെ മതിലുകൾ, സംരക്ഷണ ഭിത്തികൾ എന്നിവക്ക് കൂടി നഷ്ടപരിഹാരം നൽകുമോ? | (സി) | സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം മതിലുകൾ, സംരക്ഷണ ഭിത്തികൾ എന്നിവയ്ക്കുണ്ടായ നാശനഷ്ടങ്ങൾക്ക് ധനസഹായം അനുവദനീയമല്ല. |

സെക്ഷൻ ഓഫീസർ